**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 591** **23-02-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡുള്ള ഭെൽ. - ഇ.എം.എൽ കമ്പനിയുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡുള്ള ഭെൽ - ഇ.എം.എൽ കമ്പനി സർക്കാർ പൂർണ്ണതോതിൽ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ തുടർന്ന് പ്രസ്തുത കമ്പനി ഏത് രീതിയിൽ പ്രവർത്തിപ്പിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഭെൽ - ഇ. എം. എൽ സംയുക്ത സംരംഭത്തിൽ ഭെല്ലിനുണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ വാങ്ങി സ്ഥാപനത്തെ ഏറ്റെടുക്കുകയും പൂർണ്ണമായും സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. കെൽ - ഇ. എം. എൽ എന്ന് പുനർ നാമകരണം ചെയ്തിട്ടുള്ള സ്ഥാപനത്തെ ഒരു സ്വതന്ത്ര യൂണിറ്റായി പ്രവർത്തിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | മൂന്നു വർഷമായി ശമ്പളമില്ലാതെ പട്ടിണിയിലായ പ്രസ്തുത കമ്പനിയിലെ ജീവനക്കാർക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണെന്നും ഇതിനായി എത്ര തുക അനുവദിച്ചു എന്നും കുടിശ്ശിക എപ്പോൾ കൊടുത്തു തീർക്കുമെന്നും വ്യക്തമാക്കാമോ; | (ബി) | പ്രവർത്തനം പൂർണ്ണമായി നടന്നിരുന്ന മാർച്ച് 2020 വരെയുള്ള ശമ്പള കുടിശ്ശിക 2.95 കോടിയും പ്രസ്തുത കാലയളവിലെ പ്രോവിഡന്റ് ഫണ്ട് കുടിശ്ശിക 1.77 കോടി രൂപയും ആണ്. തൊഴിലാളികളുടെ ശമ്പളകുടിശ്ശിക നൽകുന്നതിനും പ്രവർത്തന മൂലധനത്തിനുമായി 20 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ശമ്പളകുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| (സി) | അനുവദിച്ച തുക നൽകുന്നതിന് ധാരണാ പത്രം ഒപ്പുവെയ്ക്കണമെന്ന് ജീവനക്കാരെ മാനേജ്മെന്റ് നിർബന്ധിക്കുന്നു എന്നത് ശരിയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | സംയുക്ത സംരംഭമായി പ്രവർത്തനം തുടങ്ങിയ കാലം മുതൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത് കൊണ്ടും, സംസ്ഥാന സർക്കാർ ഏറ്റെടുത്ത് സ്വതന്ത്ര സ്ഥാപനമാക്കിയത് കൊണ്ടും സ്ഥാപനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും ഉന്നമനത്തിനും തൊഴിലാളികളുടെ സഹകരണത്തിനും അവരുടെ ക്ഷേമത്തിനും കമ്പനിയുടെ മുന്നോട്ടുള്ള പ്രയാണത്തിന് കൂടുതൽ ദിശാബോധം നൽകുന്നതിനുമാണ് ധാരണാ പത്രം ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്തു വരുന്നത്. |
| (ഡി) | എങ്കിൽ ഏതെല്ലാം വ്യവസ്ഥകളാണ് ധാരണാപത്രത്തിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | കമ്പനിയുടെ മുന്നോട്ടുള്ള ലാഭകരമായ പ്രവർത്തനത്തിനും അതുവഴി തൊഴിലാളികളുടെ |

| | | | |
|---|---|---|---|
| | | | ഉന്നമനത്തിനും വേണ്ടിയുള്ള പൊതുവായ വ്യവസ്ഥകളാണ് ധാരണാ പത്രത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഇ) | കമ്പനി എപ്പോൾ തുറന്നു പ്രവർത്തനമാരംഭിക്കുമെന്നും പുനരുദ്ധാരണത്തിന് മാറ്റിവെച്ച 77 കോടി രൂപയിൽ എത്ര തുക അനുവദിച്ചെന്നും വ്യക്തമാക്കാമോ;എസ്കോർട്ട് സേവന; | (ഇ) | കമ്പനിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന്റെ ഭാഗമായുള്ള അറ്റകുറ്റപണികൾക്കും പുതിയ യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനും തൊഴിലാളികളുടെ ശമ്പളകുടിശ്ശിക നൽകുന്നതിനും, പ്രവർത്തന മൂലധനത്തിനുമായി 20 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. പുതിയ യന്ത്രസാമഗ്രികൾ സ്ഥാപിച്ചാലുടൻ തന്നെ കമ്പനി തുറന്നു പ്രവർത്തിക്കുന്നതിനാണ് ശ്രമിക്കുന്നത്. |
| (എഫ്) | വിരമിച്ചവർക്ക് പി.എഫ്, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങളുടെ കുടിശ്ശിക നൽകാത്തതും പെൻഷൻ പോലും ലഭിക്കുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആനുകൂല്യങ്ങൾ എപ്പോൾ നൽകാനാകുമെന്ന് വ്യക്തമാക്കാമോ? | (എഫ്) | വിരമിച്ചവരുടെ ഗ്രാറ്റുവിറ്റി, പി. എഫ് കുടിശ്ശികകളും സർവ്വീസിലുള്ളവരുടെ പി.എഫ് കുടിശ്ശികയുടെ ഒരു ഭാഗം ഉടനെയും ബാക്കി തുക മുൻഗണനാക്രമത്തിൽ കഴിയുന്നതും വേഗത്തിൽ കൊടുത്തു തീർക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ